# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : *66 30/10/2019 ൽ മറുപടിയ്ക്ക്

### കണ്ടൽകാടുകളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, പി.കെ.അബ്ദുറബ്ബ്<br>,, പാറക്കൽ അബ്ദുല്ല<br>,,ടി.എ.അഹമ്മദ് കബീർ | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | കണ്ടൽകാടുകൾ സംരക്ഷിക്കുന്നതിനും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ; | എ | കണ്ടൽകാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സാമൂഹ്യവനവൽക്കരണ വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികൾക്ക് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000/- രൂപ എന്ന നിരക്കിൽ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി) 485/16 തീയതി 24/12/16 പ്രകാരം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകൾ, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ കണ്ടൽ വളരുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വനാശ്രിതത്വം കുറയ്ക്കുന്നതിനും വാട്ടർ ടാങ്കുകൾ, ബയോഗ്യാസ് യൂണിറ്റ് എന്നിവ വിതരണം ചെയ്യുകയും ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുമാന വർദ്ധനവിന് സഹായം ചെയ്യുകയും ചെയ്തുവരുന്നു. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ് ഫോറസ്റ്റായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും, മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും, കാസർഗോഡ് ജില്ലയിൽ 54.69 ഹെക്ടറും, തൃശൂർ ജില്ലയിൽ പട്ടിക്കാട് റെയിഞ്ചിൽ 3.385 ഹെക്ടറും കണ്ടൽ വനങ്ങൾ 'പ്രൊപ്പോസ്ഡ്' റിസർവ് ഫോറസ്റ്റായി 1961-ലെ കേരള വന നിയമം പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതും അവ സംരക്ഷിച്ചു പരിപാലിച്ച് വരികയും |

| | | | |
|---|---|---|---|
| | | | ചെയ്തുവരുന്നു. നിലവിലുള്ള നിയമ നടപടിക്രമങ്ങൾക്കനുസൃതമായി ക ണ്ടൽ ക്കാടുള്ള മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട് കൂടാതെ ക്കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും, കുട്ടികളിലും എത്തിക്കുന്നതിലേക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്<br><br>ക ണ്ട ൽകാടുകൾ കാണുന്നതിനായി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലേക്കായി പ്രത്യേകിച്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. മംഗളവനം പക്ഷി സങ്കേതത്തിലെ കണ്ട ൽകാടുകൾ സന്ദർശിക്കുന്നതിനും, ദേശാടന പക്ഷികളെ കാണുന്നതിനും ഒരു വാച്ച് ടവർ നിർമ്മിച്ചിട്ടുണ്ട്. എറണാകുളത്തെ പുതു വൈപ്പിനിൽ കണ്ട ൽകാടുകളെ കാണു ന്നതിനും അറിയുന്നതിനുമായി 'മാലിപ്പുറം കണ്ട ൽ പാർക്ക്' സ്ഥാപിച്ചിട്ടു ണ്ട്. കോഴിക്കോട് ക ട ലുണ്ടിയിൽ ക ണ്ടൽ വനങ്ങളെയും, ദേശാടന പക്ഷികളെയും സംരക്ഷിയ്ക്കുന്നതിനായി 153.84 ഹെക്ടർ സ്ഥലം കടലുണ്ടി വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളിലുള്ള ക ണ്ടൽക്കാടുകൾ കാണുന്നതിനും, പ ഠനം നടത്തുന്നതി നുമായി വിദ്യാർത്ഥികളും, ടൂറിസ്റ്റുകളും ധാരാളം വരുന്നുണ്ട്. |
| ബി | ഇതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽ കുമോ; | ബി | കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2019-20 വർഷത്തിൽ ക ണ്ടൽകാടുകൾ ഉൾപ്പെടുന്ന തണ്ണീർ തടങ്ങളിൽ ദേശാടന പക്ഷികളും തദ്ദേശ ഇനത്തിലുള്ള പക്ഷികളും എത്തുന്നത് നിരീക്ഷിക്കുന്നതിനും തണ്ണീർത്തടങ്ങളുടെ മാറ്റം നിരീക്ഷിക്കുന്നതിനും എട്ടോളം പ്രദേശങ്ങളിൽ പഠനം നടത്തിവരുന്നുണ്ട്. |
| സി | നോട്ടിഫൈ ചെയ്ത കണ്ടൽ പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി തീരദേശ വന സംരക്ഷണ സമിതികൾ രൂപീകരിക്കുന്ന തിനുള്ള നടപടികൾ ഏത് ഘട്ടത്തി ലാണെന്ന് വിശദീകരിക്കാമോ? | സി | നോട്ടിഫൈ ചെയ്ത കണ്ട ൽ പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി തീരദേശ വന സംരക്ഷണ സമിതികൾ രൂപീകരി ക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ